## ക്രമപ്രശ്നം

<u>ചോദ്യോത്തരത്തിലെയും ധവളപത്രത്തിലെയും പരാമർശത്തിലെ വൈരുദ്ധ്യം</u>

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രധാനപ്പെട്ട വാദം പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് കുറയ്ക്കാൻ കഴിയുന്നത് സാലറി, ഇന്ററസ്റ്റ്, പെൻഷൻ (എസ്.ഐ.പി.) മാത്രമാണ് എന്നാണ്. ഈ മൂന്നുകാര്യങ്ങളും കുറച്ചാൽ ബാക്കിയുണ്ടാകുന്ന പദ്ധതിയേതര റവന്യൂ ചെലവ് എന്നുപറയുന്നത് ധൂർത്താണ് എന്നൊരു നിലപാടാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. ഇവിടെ 32-ാമത്തെ ചോദ്യത്തിൽ ശ്രീ. രാജു എബ്രഹാമിന്റെ ചോദ്യത്തിന് അദ്ദേഹം കൊടുത്ത മറുപടിയിൽ പറയുന്നത് "കഴിഞ്ഞ സർക്കാരിന്റെ കാലത്തിനുമുമ്പ് പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് നമുക്ക് ഒരു കാരണവശാലും കുറയ്ക്കാൻ കഴിയാത്ത ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ കിട്ടുന്ന തുക 25 ശതമാനത്തോളം വരുമായിരുന്നു. അത് 30 ശതമാനമായി ഇപ്പോൾ വർദ്ധിച്ചു. അതാണ് ധൂർത്തിന്റെ സൂചിക എന്ന്" പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന 25 ശതമാനം മാത്രമുണ്ടായിരുന്ന എസ്.ഐ.പി. കഴിച്ചുള്ള നോൺ ടാക്സ് റവന്യൂ എക്സ്പെൻഡിച്ചർ 30 ശതമാനമായി വർദ്ധിച്ചുവെന്നാണ് അദ്ദേഹം ചോദ്യോത്തര വേളയിൽ പറഞ്ഞത്. പക്ഷെ അദ്ദേഹം അതിനുശേഷം

ഇറക്കിയ വൈറ്റ് പേപ്പറിന്റെ ടേബിൾ രണ്ടിൽ പറയുന്നത് 2011-ൽ അതായത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം ഉണ്ടായിരുന്നത് 27.37 ശതമാനമാണ്. 2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് 29.37 ശതമാനമായി. അതായത് രണ്ട് ശതമാനമത്തിന്റെ മാത്രം വർദ്ധനവാണ് എൽ.ഡി.എഫ്.-ന്റെ കാലത്തുനിന്നും യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരിക്കുന്നത്. അഞ്ച് ശതമാനം വർദ്ധനവ് എന്നാണ് ചോദ്യോത്തരവേളയിൽ പറഞ്ഞിരിക്കുന്നത്. ഈ രണ്ട് ശതമാനവും അഞ്ച് ശതമാനവും തമ്മിലുള്ള വർദ്ധനവെന്നുപറയുന്നത് ആയിരക്കണക്കിന് കോടി രൂപയാണ്. ഇങ്ങനെ രണ്ട് രീതിയിൽ നിയമസഭയിൽ പറയാമോ? നിയമസഭയിൽ വച്ച വൈറ്റ് പേപ്പറിൽ പറയുന്നത് ഒരു തുകയും അതിന്റെ കണക്കുമാണ്, എന്നാൽ ചോദ്യോത്തര വേളയിൽ മറ്റൊരു ഉത്തരമാണ് പറയുന്നത്. അദ്ദേഹം വളരെ കൗശലത്തോടുകൂടിയാണ് ഈ കണക്ക് പറയുന്നത്. കാരണം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഏറ്റവും കുറഞ്ഞ ശതമാനമായ 25.54 ശതമാനം അദ്ദേഹം എടുത്തു. എന്നിട്ട് യു.ഡി.എഫ്.-ന്റെ അഞ്ചുവർഷക്കാലത്തെ ഏറ്റവും കൂടിയ തുക അദ്ദേഹം എടുത്തു. ഇത്തരത്തിൽ ഇങ്ങനെ കൗശലം കാണിച്ച് കണക്ക് പറയുന്നത് ശരിയായ രീതിയാണോ; അത് ഓർഡറിലാണോ ?

**ക്രമപ്രശ്നം**

ഗവർണ്ണറുടെ മുൻകൂർ അനുമതി വാങ്ങുന്നതു സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, ആർട്ടിക്കിൾ 202 അനുസരിച്ച് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഗവൺമെന്റ് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കും. ആർട്ടിക്കൾ 203(3) അനുസരിച്ച് സഞ്ചിതനിധിയിൽപ്പെടാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ഗവർണ്ണറുടെ ശിപാർശ ഉണ്ടെങ്കിൽ മാത്രമേ ഡിമാന്റ് ഫോർ ഗ്രാന്റ്സ് നമുക്ക് ചർച്ചയ്ക്കെടുക്കാൻ കഴിയൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 45 ഖണ്ഡികകളിലായി ഓരോ ചെലവുകൾക്കുമായി 26,665 കോടി രൂപ അനുവദിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷെ ഇതിനൊന്നും ഗവർണ്ണറുടെ ശിപാർശ വാങ്ങിയിട്ടില്ല. സഞ്ചിത നിധിയിൽനിന്നല്ല, വേറെ നിലയിലൊക്കെ സമാഹരിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. സഞ്ചിതനിധിയിൽനിന്നുള്ള ചെലവുകൾ മാത്രമേ നമുക്ക് നിയമസഭയിൽ ബഡ്ജറ്റിന്റെ ഭാഗമാക്കി ചർച്ച ചെയ്യാൻ കഴിയൂ. സഞ്ചിതനിധിയിൽ നിന്നല്ലാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ഒന്ന്, ഗവർണ്ണറുടെ ശിപാർശ വേണം. ഗവർണ്ണറുടെ ശിപാർശയില്ലാതെ ചർച്ചചെയ്യാൻ പാടില്ല. രണ്ട്, സഞ്ചിതനിധിയിൽപ്പെടാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ചയുടെ

ആവശ്യമില്ല, ചർച്ച ചെയ്യാൻ പാടില്ല. 26,665 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് ചെലവ് ചെയ്യുമെന്നാണ് പറയുന്നത്. എവിടെ മാന്ദ്യവിരുദ്ധ പാക്കേജ്? അതൊന്നും ഇവിടെ ചർച്ച ചെയ്യാൻ കഴിയില്ല. സഞ്ചിതനിധിയിൽനിന്നുള്ള ചെലവല്ല. അതുകൊണ്ട് അങ്ങനെയുള്ള ചർച്ച ഒഴിവാക്കണം. അത് ഭരണഘടനാ വിരുദ്ധമാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

**ക്രമപ്രശ്നം**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ആർട്ടിക്കൾ 203(3) പ്രകാരം 23.06.2016-ന് ഗവർണ്ണറിൽനിന്ന് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനുള്ള മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകൾ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം ഉന്നയിക്കപ്പെട്ടത്, പ്രസംഗത്തിൽ പറഞ്ഞ എല്ലാറ്റിനും ഇത്തരത്തിൽ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല എന്നതാണ്. പ്രസംഗത്തിൽ പറയുന്നതിനെല്ലാം മുൻകൂർ അനുവാദം വാങ്ങണമെങ്കിൽ പിന്നെ ബഡ്ജറ്റ് പ്രസംഗം സാധ്യമല്ല. അതെന്താണ് ചെയ്യേണ്ടതെന്ന് നമുക്കറിയാമല്ലോ. എസ്.ഡി.ജി.-യിൽവച്ച് അത് അവതിരപ്പിക്കുമ്പോൾ നിശ്ചയമായും ഗവർണ്ണറുടെ അനുവാദം വേണ്ടിവരും.

മൂന്നാമത്തെ പ്രശ്നം ഉന്നയിച്ചിരിക്കുന്നത്, ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത് പലതും സഞ്ചിതനിധിയിൽനിന്നല്ല എന്നാണ്. അതൊരു പുതിയ കാര്യമല്ല. സഞ്ചിതനിധിയിൽ നിന്നാണെങ്കിൽ ഇത്ര കോടി വകയിരുത്തുന്നുവെന്ന് അവിടെത്തന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതിനെല്ലാം പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് നീക്കി വയ്ക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഒരു കൺഫ്യൂഷൻ ആർക്കും വേണ്ട, സഞ്ചിതനിധിയിൽനിന്നല്ല. സഞ്ചിതനിധിയിൽ നിന്നല്ലെങ്കിൽ ചർച്ച ചെയ്യാൻ കഴിയില്ലേ. നമ്മൾ എന്തൊക്കെ ഇവിടെ ചർച്ച ചെയ്യുന്നു. സഞ്ചിതനിധിയിൽനിന്നുള്ള കണക്കുമാത്രമാണോ ചർച്ച ചെയ്യുന്നത്. എസ്.പി.വി. വഴി പണം ചെലവഴിക്കുന്നത് ആദ്യമായിട്ടല്ല. ആ എസ്.പി.വി.- കൾ വഴി എങ്ങനെ പണം ചെലവാക്കുന്നു എന്നത് നമ്മൾ എത്രയോവട്ടം നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കെ. എം. മാണി പറഞ്ഞ ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല. രണ്ടാമത്തേത്, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച പ്രശ്നത്തിൽ അദ്ദേഹം പറഞ്ഞ രണ്ടു കാര്യങ്ങളും ഞാൻ പറഞ്ഞതും ശരി തന്നെയാണ്. എന്നാൽ ഇതിൽ കൃത്യമായ വർഷം പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത് 29.37 ആണെന്നാണ്. തൊട്ടുമുമ്പുള്ള വർഷങ്ങളിലെല്ലാം 30.87-ഉം 32.07-ഉം ആണ്. ഞാൻ അതാണ്

എടുത്തത്. അതുകൊണ്ട് സാങ്കേതികമായി ഈ രണ്ടു കാരണങ്ങൾ തമ്മിൽ ഒരു പൊരുത്തക്കേടുമില്ല. എന്നാൽ ശ്രീ. വി. ഡി. സതീശൻ ആവശ്യപ്പെട്ടതുപോലെ ശരാശരിയാണ് എടുക്കേണ്ടതെങ്കിൽ എൽ.ഡി.എഫ്-ന്റെ കാലത്ത് ഏതാണ്ട് 27 ശതമാനമായിരുന്നത് യു.ഡി.എഫ്.-ന്റെ കാലത്തെ ശരാശരി ഏതാണ്ട് 30 ശതമാനത്തിനു തൊട്ടുതാഴെയാണ്. സാങ്കേതികമായി ഒരു വൈരുദ്ധ്യവും ഈ കണക്കുകൾ തമ്മിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

2016-17 സാമ്പത്തികവർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെ പൊതുചർച്ചയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങേയ്ക്ക് ചർച്ച തുടങ്ങാവുന്നതാണ്.